"ഭരണഭാഷ- മാതൃഭാഷ"



കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം- വനം വന്യജീവി വകുപ്പിൽ തിരുവനന്തപുരം ഡിവിഷന് കീഴിൽ പരുത്തിപ്പള്ളി റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനം അനുഷ്ഠിക്കുന്ന ശ്രീ സന്തോഷ് കുമാർ. വി യ്ക്ക് പലിശരഹിത വായ്പ അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി(എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.376/2021/വനം തീയതി,തിരുവനന്തപുരം, 23/11/2021.

---

പരാമർശം:-
1. ജി.ഒ(പി) നം.45/1997/ആ.ക.വ. തീയതി 18.02.1997.
2. ജി.ഒ(പി) നം.285/2000/ആ.ക.വ. തീയതി 02.11.2000.
3. ജി.ഒ(പി) നം.298/2001/ആ.ക.വ. തീയതി 20.11.2001.
4. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 01.11.2021 ലെ എച്ച്2-4475/2021 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വനം വന്യജീവി വകുപ്പിൽ തിരുവനന്തപുരം ഡിവിഷന് കീഴിൽ പരുത്തിപ്പള്ളി റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനം അനുഷ്ഠിക്കുന്ന ശ്രീ സന്തോഷ് കുമാർ.വി യുടെ പിതാവിന് തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസിൽ Coronary Angiogram and AVR Operation എന്ന ചികിത്സയ്ക്കായി, പലിശ രഹിത വായ്പ അനുവദിക്കുന്നതിനുള്ള ടിയാന്റെ അപേക്ഷയും ബന്ധപ്പെട്ട രേഖകളും ശുപാർശ സഹിതം, പരാമർശം (4) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വനം വന്യജീവി വകുപ്പിൽ തിരുവനന്തപുരം ഡിവിഷന് കീഴിൽ പരുത്തിപ്പള്ളി റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനം അനുഷ്ഠിക്കുന്ന ശ്രീ സന്തോഷ് കുമാർ വി.യ്ക്ക് (PEN 253397, ജനനതീയതി-20.05.1985), ടിയാന്റെ പിതാവിന് തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസിൽ Coronary Angiogram and AVR Operation എന്ന ചികിത്സയ്ക്കായി, പരാമർശം (1), (2), (3), ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായും, അപേക്ഷകന്റെ പിതാവ് സർവീസ് പെൻഷണറല്ല, പൂർണ്ണമായും അപേക്ഷകനെ ആശ്രയിച്ച് കഴിയുകയാണെന്ന് മേലധികാരി മേലൊപ്പ് വച്ച സത്യവാങ്മൂലം ലഭ്യമാണെന്ന് ഉറപ്പ് വരുത്തിയതിനു ശേഷം 3,00,000/- രൂപ ( മൂന്നു ലക്ഷം രൂപ മാത്രം) പലിശ രഹിത വായ്പയായി അനുവദിക്കുന്നതിന്, താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ,അനുമതി നൽകി ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95(02 ) " എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(a) ഇപ്രകാരം അനുവദിച്ച 3,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ, ശ്രീ.

സന്തോഷ് കുമാർ. വി. സമർപ്പിക്കേണ്ട മെഡിക്കൽ റീ - ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും, ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകന് നൽകുന്നതുമാണ്.

(b) ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്.

(c) ചികിൽസയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ ടി തുക ട്രഷറിയിൽ ഒടുക്കിയ ചെലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും പലിശരഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 6 മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതും അല്ലാത്ത പക്ഷം 12% നിരക്കിൽ പിഴപ്പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

(d) പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗ പ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ച പിടിക്കുന്നതാണ്. കൂടാതെ വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്.

(e) പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(f) വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദ ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്.

(g) കൂടാതെ, മേപ്പടി പലിശരഹിത ചികിൽസാവായ്പ ക്രമീകരിക്കുന്നതിനായി സമർപ്പിക്കുന്ന ബില്ലുകളിൽ പലിശരഹിത ചികിൽസാവായ്പാ അപേക്ഷ സമർപ്പിച്ച തീയതി മുതൽക്കുള്ള ചികിൽസയുടെ ബില്ലുകൾ മാത്രം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു തങ്കച്ചി.എം.കെ
അഡിഷണൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം), തിരുവനന്തപുരം.(അപേക്ഷയും അനുബന്ധരേഖകളും സഹിതം).
ശ്രീ സന്തോഷ് കുമാർ.വി (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്(ജി2/1569/2021/ആ.ക.വ തീയതി 18.11.2021 പ്രകാരം).
ധനകാര്യ വകുപ്പ് (ലോൺസ് എൽ.3/347/2021/ധന തീയതി 20.11.2021 പ്രകാരം).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Noushad S
Date: 23-11-2021 15:43:58
Reason: Approved
സെക്ഷൻ ഓഫീസർ.